നിയമവകുപ്പിൽ ലീഗൽ അസിസ്റ്റന്റ് ഒഴിവുകൾ ഒഴിച്ചിടാൻ തീരുമാനിച്ചിട്ടില്ല. ഇക്കാലയളവിൽ 35 ജീവനക്കാർ മറ്റ് വകുപ്പുകളിലേക്ക് ഡെപ്യൂട്ടേഷനിൽ പോയിട്ടുണ്ട്. പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ലീഗൽ അസിസ്റ്റന്റ് തസ്തികയിൽ പി.എസ്.സി. ലിസ്റ്റ് നിലവിലില്ലാത്തതിനാൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽനിന്നും നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കി പ്രൊഫഷണൽ ആന്റ് എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും താത്കാലിക അടിസ്ഥാനത്തിൽ എട്ട് ലീഗൽ അസിസ്റ്റന്റുമാർക്ക് നിയമനം നൽകിയിട്ടുണ്ട്.

മന്ത്രിമാരുടെയും ഉദ്യോഗസ്ഥരുടെയും വിദേശയാത്ര

26 (1848) ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. സി. കൃഷ്ണൻ :
ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മന്ത്രിമാരുടെയും ഉദ്യോഗസ്ഥരുടെയും വിദേശ യാത്ര നിയന്ത്രിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഔദ്യോഗിക ആവശ്യങ്ങൾ എന്ന നിലയിൽ വിദേശ സന്ദർശനം നടത്തുന്നത് നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) ഈ സർക്കാരിന്റെ കാലത്ത് മന്ത്രിമാരും, ഉദ്യോഗസ്ഥരും നടത്തിയ വിദേശയാത്രയുടെ ചെലവും മറ്റ് വിശദാംശങ്ങളും വെളിപ്പെടുത്താമോ ;

(ഡി) ഒന്നിൽ കൂടുതൽ വിദേശ സന്ദർശനം നടത്തിയ മന്ത്രിമാർ ആരൊക്കെയാണ് ;

(ഇ) വിദേശയാത്ര സംബന്ധിച്ച ചട്ടങ്ങൾ പാലിക്കാത്തവർ ആരൊക്കെയായിരുന്നു ; യാത്ര കഴിഞ്ഞ് തിരിച്ചു വന്നതിനുശേഷം റിപ്പോർട്ട് സമർപ്പിച്ചിട്ടില്ലാത്തവർ ആരൊക്കെ ?

ഉത്തരം

(എ&ബി) കേന്ദ്ര ഗവൺമെന്റിന്റെയും മുഖ്യമന്ത്രിയുടെയും അനുമതിക്ക് വിധേയമായാണ് മന്ത്രിമാരും ഉദ്യോഗസ്ഥരും വിദേശയാത്ര നടത്തുന്നത്.

(സി) ഈ സർക്കാരിന്റെ കാലത്ത് മന്ത്രിമാരും, പേഴ്സണൽ സ്റ്റാഫിലെ ഉദ്യോഗസ്ഥരും നടത്തിയ വിദേശയാത്രകളുമായി ബന്ധപ്പെട്ട് ചെലവഴിച്ച തുകയുടെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.* അന്തിമ മറുപടി ശേഖരിച്ച് നൽകുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ശ്രീ. സി. എൻ. ബാലകൃഷ്ണൻ, ശ്രീമതി പി. കെ. ജയലക്ഷ്മി എന്നിവർ ഒഴികെയുള്ള മന്ത്രിമാർ ഒന്നിലധികം തവണ വിദേശയാത്ര നടത്തിയിട്ടുണ്ട്.

(ഇ) കേന്ദ്ര ഗവൺമെന്റിന്റെയും മുഖ്യമന്ത്രിയുടെയും അനുമതിക്ക് വിധേയമായാണ് മന്ത്രിമാർ വിദേശയാത്ര നടത്തിയിട്ടുള്ളത്. യാത്ര കഴിഞ്ഞ് തിരിച്ചുവന്നതിനുശേഷം റിപ്പോർട്ട് സമർപ്പിച്ചിട്ടില്ലാത്തതായുള്ള കേസ്സുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സെക്രട്ടേറിയറ്റിലെ ഗാർഡ് തസ്തിക

27 (1849) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെ ഗാർഡ് തസ്തികയിൽ താൽക്കാലിക നിയമനം ലഭിച്ച് സ്ഥിരപ്പെട്ടവർ എത്രയുണ്ടെന്നും അവരെ ഏത് ഉത്തരവ് വഴിയാണ് സ്ഥിരപ്പെടുത്തിയതെന്നും വ്യക്തമാക്കുമോ ;

(ബി) മേൽ ഉത്തരവ് പുറപ്പെടുവിക്കുന്ന സമയത്ത് പ്രസ്തുത തസ്തികയുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടായിരുന്നോ എന്നും റാങ്ക് ലിസ്റ്റ് നിലവിലിരിക്കേ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയത് എന്തുകൊണ്ടെന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ജീവനക്കാരും പി.എസ്.സി. വഴി നിയമിതരായവരും നിയമനം, പ്രൊമോഷൻ എന്നിവ സംബന്ധിച്ച് കേസുകൾ ഫയൽ ചെയ്യുകയുണ്ടായോ എന്നും കോടതിയുടെ അന്തിമ വിധി എന്തായിരുന്നുവെന്നും വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത വിധി അനുസരിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 8-4-2015 തീയതിയിലെ സ.ഉ.(എംഎസ്.) 114/2005/പൊ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം ദിവസവേതനാടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ചിരുന്ന 27 സെക്യൂരിറ്റി ഗാർഡുമാരെ സെക്രട്ടേറിയറ്റിൽ സ്ഥിരപ്പെടുത്തുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly